## Std. II - Chapter 3 - Revision - Main points

## പാഠം 3 – ദൈവത്തിൽനിന്ന് അകലുന്ന മനുഷ്യൻ

| No. | ചോദ്യം | ഉത്തരം |
|---|---|---|
| **A** | **ചോദ്യങ്ങളും ഉത്തരങ്ങളും** | |
| 1 | ആദത്തെയും ഹവ്വായെയും ദൈവം എത്രമാത്രം സ്നേഹിച്ചു? | സ്നേഹപിതാവായ ദൈവം ആദത്തെയും ഹവ്വായെയും വളരെ അധികം സ്നേഹിച്ചു. |
| 2 | ദൈവം ആദത്തിനും ഹവ്വായ്ക്കും എന്താണ് നൽകിയത്? | എല്ലാ സൗഭാഗ്യങ്ങളും നിറഞ്ഞ ഏദൻതോട്ടം ദൈവം അവർക്കു നൽകി. |
| 3 | ഏദൻതോട്ടത്തിന്റെ നടുവിൽ ഉണ്ടായിരുന്ന വൃക്ഷം ഏത്? | നന്മതിന്മകളുടെ അറിവിന്റെ വൃക്ഷം ഏദൻതോട്ടത്തിന്റെ നടുവിൽ ഉണ്ടായിരുന്നു. |
| 4 | നന്മതിന്മകളുടെ അറിവിന്റെ വൃക്ഷത്തെക്കുറിച്ച് ദൈവം എന്ത് കൽപ്പിച്ചു? | ആ വൃക്ഷത്തിന്റെ ഫലം തിന്നരുതെന്ന് ദൈവം അവരോട് കൽപ്പിച്ചു. |
| 5 | ആദവും ഹവ്വായും സന്തോഷത്തോടെ ജീവിച്ചിരുന്നത് ആരോടൊപ്പമാണ്? | അവർ ദൈവത്തോടൊപ്പമാണ് സന്തോഷത്തോടെ ജീവിച്ചിരുന്നത്. |
| 6 | സാത്താന് ആദത്തോടും ഹവ്വായോടും അസൂയ തോന്നിയത് എന്തുകൊണ്ട്? | ആദവും ഹവ്വായും ദൈവത്തോടൊത്ത് സന്തോഷത്തോടെ ജീവിച്ചിരുന്നതുകൊണ്ടാണ് സാത്താന് അസൂയ തോന്നിയത്. |
| 7 | സാത്താൻ ഹവ്വായുടെ അടുത്ത് വന്നത് ഏത് രൂപത്തിലാണ്? | സാത്താൻ പാമ്പിന്റെ രൂപത്തിലാണ് ഹവ്വായുടെ അടുത്ത് വന്നത്. |
| 8 | സാത്താൻ ഹവ്വായെ എന്ത് ചെയ്യാൻ പ്രേരിപ്പിച്ചു? | ദൈവം തിന്നരുതെന്ന് കൽപ്പിച്ച വൃക്ഷത്തിന്റെ ഫലം തിന്നാൻ സാത്താൻ ഹവ്വായെ പ്രേരിപ്പിച്ചു. |
| 9 | ഫലം തിന്നാൽ മരിക്കുമെന്ന് ഹവ്വാ പറഞ്ഞപ്പോൾ സാത്താൻ എന്ത് പറഞ്ഞു? | ഫലം തിന്നാൽ മരിക്കുകയില്ലെന്നും, അത് തിന്നാൽ ദൈവത്തെപ്പോലെ ആകുമെന്നും സാത്താൻ പറഞ്ഞു. |
| 10 | ഹവ്വാ എന്താണ് ചെയ്തത്? | ഹവ്വാ ഫലം പറിച്ചുതിന്നുകയും ആദത്തിനും കൊടുക്കുകയും ചെയ്തു. |
| 11 | ആദവും ഹവ്വായും ഫലം തിന്നതിലൂടെ എന്ത് സംഭവിച്ചു? | അവർ ദൈവത്തെ മറക്കുകയും ദൈവസ്നേഹത്തെ നിരസിക്കുകയും ദൈവകൽപ്പന ലംഘിക്കുകയും ചെയ്തു . അങ്ങനെ അവർ പാപം ചെയ്തു. |
| 12 | ആദവും ഹവ്വായും പാപം ചെയ്തശേഷം എന്തു ചെയ്തു? | ദൈവത്തിന്റെ മുമ്പിൽ വരാൻ ഭയപ്പെട്ട അവർ മരങ്ങളുടെ ഇടയിൽ ഒളിച്ചുനിന്നു. |
| 13 | അവർ ദൈവത്തിന്റെ മുമ്പിൽ വരാൻ ഭയപ്പെട്ടത് എന്തുകൊണ്ട്? | അവർ ദൈവത്തിന്റെ അനുസരണക്കേട് കാണിച്ചതുകൊണ്ടാണ് ദൈവത്തിന്റെ മുമ്പിൽ വരാൻ ഭയപ്പെട്ടത്. |
| 14 | പാപം ചെയ്യുന്നതുവഴി നാം ആരിൽനിന്ന് അകലുന്നു? | പാപം ചെയ്യുന്നതുവഴി നാം ദൈവത്തിൽനിന്ന് അകലുന്നു. |
| 15 | **1. ആദവും ഹവ്വയും ചെയ്ത പാപം എന്ത്** | ദൈവത്തെ മറക്കുകയും ദൈവസ്നേഹത്തെ നിരസിക്കുകയും ദൈവകൽപ്പന ലംഘിക്കുകയും ചെയ്തതാണ് ആദിപിതാക്കൾ ചെയ്ത പാപം. |
| 16 | **2. പാപത്തിന്റെ ഫലമെന്ത് ?** | പാപത്തിന്റെ ഫലം ദൈവത്തിൽനിന്നുള്ള അകലവും ദൈവസ്നേഹത്തിന്റെ നഷ്ടവുമാണ്. |

| No. | ചോദ്യം | ഉത്തരം |
| --- | --- | --- |
| 17 | ദൈവകൽപ്പന ലംഘിക്കുമ്പോൾ നമുക്ക് എന്താണ് സംഭവിക്കുന്നത്? | **ദൈവകൽപ്പന ലംഘിക്കുമ്പോൾ നാം പാപികളായിത്തീരുകയും ദൈവത്തിൽനിന്ന് അകലുകയും ചെയ്യുന്നു.** |
| 18 | മാതാപിതാക്കൾ ചെയ്യരുതെന്ന് പറഞ്ഞ കാര്യങ്ങൾ നാം ചെയ്യാമോ? | **ഇല്ല. മാതാപിതാക്കൾ ചെയ്യരുതെന്ന് പറഞ്ഞിരിക്കുന്ന കാര്യങ്ങൾ നാം ചെയ്യുകയില്ല.** |
| 19 | നമ്മുടെ തീരുമാനം എന്താണ്? | **മാതാപിതാക്കൾ ചെയ്യരുതെന്ന് പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ഞാൻ ചെയ്യുകയില്ല.** |
| **B** | **പ്രധാന ബൈബിൾ വാക്യങ്ങൾ** | |
| 1 | "നീ തോട്ടത്തിലെ എല്ലാ വൃക്ഷങ്ങളുടെയും ഫലം യഥേഷ്ടം തിന്നുകൊള്ളുക. എന്നാൽ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിലെ ഫലം നീ തിന്നരുത്." | — ഉൽപ്പത്തി 2:16–17 |
| 2 | "നിങ്ങൾ മരിക്കുകയില്ല. അത് ഭക്ഷിക്കുന്ന ദിവസം നിങ്ങളുടെ കണ്ണുകൾ തുറക്കുമെന്നും നിങ്ങൾ ദൈവത്തെപ്പോലെ നന്മതിന്മകൾ അറിയുന്നവരായിത്തീരുമെന്നും ദൈവത്തിന് അറിയാം." | — ഉൽപ്പത്തി 3:4–5 |
| 3 | "അപ്പോൾ ഇരുവരുടെയും കണ്ണുകൾ തുറന്നു. തങ്ങൾ നഗ്നരാണെന്ന് അവർ അറിഞ്ഞു." | — ഉൽപ്പത്തി 3:7 |
| 4 | "കർത്താവായ ദൈവത്തിന്റെ സാന്നിധ്യത്തിൽ നിന്ന് മറയാൻ മനുഷ്യനും ഭാര്യയും തോട്ടത്തിലെ വൃക്ഷങ്ങളുടെ ഇടയിൽ ഒളിച്ചു." | — ഉൽപ്പത്തി 3:8 |
| 5 | "പാപം വാതിൽക്കൽ പതിയിരിക്കുന്നു; അതിന്റെ ആഗ്രഹം നിന്നോടാണ്. എന്നാൽ നീ അതിനെ കീഴടക്കണം." | — ഉൽപ്പത്തി 4:7 |
| 6 | "ദൈവമേ, അങ്ങയുടെ അചഞ്ചലമായ സ്നേഹമനുസരിച്ച് എന്നോടു കരുണ തോന്നണമേ; അങ്ങയുടെ മഹത്തായ കാരുണ്യമനുസരിച്ച് എന്റെ അകൃത്യങ്ങൾ മായിച്ചുകളയണമേ." | — സങ്കീർത്തനം 51:1 |